മന്ത്രിമാരുടെ എസ്കോർട്ട് ആവശ്യത്തിന് പുറത്തുനിന്നും വാടകയ്ക്കെടുത്ത വാഹനങ്ങൾ

12 [1095] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ലെ ഐക്യജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-1-1996 വരെ മന്ത്രിമാരുടെ എസ്കോർട്ട് ആവശ്യത്തിനായി പുറമേനിന്നും വാഹനങ്ങൾക്ക് കൊടുത്ത വാടക ഇനത്തിൽ ചെലവായ തുക എത്ര;

(ബി) പ്രസ്തുത മന്ത്രിമാരുടെ എസ്കോർട്ട് ആവശ്യത്തിന് ഈ ഇനത്തിൽ ഇനിയും കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക സംഖ്യ എത്ര?

ഉത്തരം

(എ) 46,90,422 രൂപ.

(ബി) 2,28,903 രൂപ.

മുഖ്യമന്ത്രിയുടെ വയനാട് ജില്ലാ ജനസമ്പർക്ക പരിപാടി

13 [1097] ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ വയനാട് ജില്ലാ ജനസമ്പർക്ക പരിപാടിയിൽ വെച്ച് തിരുനെല്ലിയിൽപ്പെട്ട അപ്പപ്പാറ, അരണപ്പാറ, തോൽപ്പെട്ടി എന്നീ ഹരിജൻ/ഗിരിജൻ കോളനികളിലേയ്ക്ക് വൈദ്യുതി എത്തിക്കണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ആ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് എപ്പോൾ വൈദ്യുതി എത്തിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) പ്രസ്തുത കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള ചെലവ് വളരെ അധികമായതിനാൽ വർക്കിംഗ് ഗ്രൂപ്പിന് അതിനുള്ള അനുമതി നൽകാൻ കഴിഞ്ഞില്ല.

(സി) സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് കഴിവതും വേഗത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly